# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

## സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മേരികുളം

# ഉള്ളടക്കം

ആമുഖം

ലഘുചരിത്രം

ലക്ഷ്യങ്ങൾ

തടസ്സങ്ങൾ

അക്കാദമികം - ഉപമേഖലകൾ

പഠനാനുബന്ധ പ്രവർത്തനങ്ങൾ

ഉപസംഹാരം

# ആമുഖം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നി തയ്യാറാക്കിയിരിക്കുന്ന വിദ്യാലയ വികസന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഹ്രസ്വ, മധ്യ, ദീർഘ കാല പദ്ധതികൾ ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു. പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. എല്ലാ കുട്ടികൾക്കും അവസര തുല്യത വരുത്താനും അവരുടെ കഴിവുകൾ കണ്ടെത്തി ഉയർന്ന തലത്തിലേയ്ക്ക് ഉയർത്താനും പദ്ധതി പ്രയോജനപ്പെടും.

# ലഘുചരിത്രം

ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന ഇടുക്കി താലൂക്കിലും പീരുമേട് നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നതുമായ അയ്യപ്പൻകോവിൽ പഞ്ചായത്തിലെ ഏക ഹൈസ്കൂളാണ് മേരികുളം സെന്റ് മേരീസ് ഹൈസ്കൂൾ. ഈ സ്കൂൾ കട്ടപ്പന വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്നു. 1979 ലാണ് ഈ സ്കൂളിന് അംഗീകാരം ലഭിച്ചത്. 40 വർഷക്കാലം പിന്നിടുമ്പോൾ നേട്ടത്തിന്റെ ഒരുപാട് സോപാനങ്ങൾ ഈ സ്കൂൾ ചവിട്ടിക്കയറിയിട്ടുണ്ട്. ഇപ്പോൾ ഈ സ്കൂളിൽ 763 കുട്ടികൾ അധ്യയനം നേടുന്നുണ്ട്. പ്രഥമാധ്യാപിക ഉൾപ്പെടെ 32 അധ്യാപകരും 5 അനധ്യാപകരും ഇവിടെ സേവനം ചെയ്യുന്നുണ്ട്. കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കളാണ് ഇവിടെ വിദ്യാഭ്യാസം നേടുന്നത്. കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ് ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നത്.

# ലക്ഷ്യങ്ങൾ

1. മൂന്ന് ഭാഷകളിൽ അടിസ്ഥാന ജ്ഞാനവും ആശയവിനിമയ ശേഷിയും എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ.
2. ഗണിതശേഷി വികസനം
3. ശാസ്ത്രകൗതുകം വർദ്ധിപ്പിക്കൽ
4. സാമൂഹിക ശാസ്ത്രാവബോധം വർദ്ധിപ്പിക്കൽ
5. തൊഴിൽ നൈപുണി പരിശീലനം
6. മത്സരപരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ
7. പ്ലാസ്റ്റിക് വിമുക്ത പരിസ്ഥിതി സൗഹൃദ സ്കൂൾ കാമ്പസ്
8. സാമൂഹിക തിന്മകൾക്കെതിരെ പോരാടാൻ കുട്ടികളെ പ്രാപ്തരാക്കൽ

# തടസ്സങ്ങൾ

1. ഫണ്ടിന്റെ അപര്യാപ്തത
2. നവ മാധ്യമമങ്ങളുടെ അതിപ്രസരം മൂലം കുട്ടികൾക്ക് വായനയോ ടുള്ള വിരക്തി
3. മാതാപിതാക്കളുടെ ദുശ്ശീലങ്ങളും കുടുംബബന്ധങ്ങളുടെ തകർച്ചയും
4. പരിമിതമായ ലാബ് സൗകര്യങ്ങൾ

# അധ്യാപക അനധ്യാപകരുടെ എണ്ണം

| ക്രമനമ്പർ | തസ്തിക | വിഷയം | എണ്ണം |
|---|---|---|---|
| 1 | H.M | - | 1 |
| 2 | H.S.A | ENGLISH | 4 |
| 3 | H.S.A | MALAYALAM | 5 |
| 4 | H.S.A | HINDI | 3 |
| 5 | H.S.A | SOCIAL SCIENCE | 4 |
| 6 | H.S.A | NATURAL SCIENCE | 3 |
| 7 | H.S.A | PHYSICAL SCIENCE | 4 |
| 8 | H.S.A | MATHEMATICS | 5 |
| 9 | P E T | - | 1 |
| 10 | MUSIC | - | 1 |
| 11 | SEWING | - | 1 |
| 12 | CLERK | - | 1 |
| 13 | O.A | - | 2 |
| 14 | F T M | - | 2 |

## ആകെ കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|
| 8 | 135 | 116 | 251 |
| 9 | 119 | 113 | 232 |
| 10 | 148 | 133 | 281 |
| ആകെ | 402 | 361 | 763 |

| പട്ടികജാതി | | | |
|---|---|---|---|
| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ |
| 8 | 11 | 7 | 18 |
| 9 | 10 | 10 | 20 |
| 10 | 15 | 7 | 22 |

| പട്ടികവർഗ്ഗം | | | |
|---|---|---|---|
| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ |
| 8 | 6 | 5 | 11 |
| 9 | 2 | 1 | 3 |
| 10 | 1 | 4 | 5 |

| മേഖല – ഹൈസ്കൂൾ ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1. ആശയധാരണ കൈവരിക്കൽ | ടെസ്റ്റ് നടത്തി പഠന നില കണ്ടെത്തൽ ചതുഷ് ക്രിയകളുടെ പരിശീലന പ്രവർത്തനങ്ങൾ | ജൂൺ – ജൂലൈ | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |
| 2.നിർമിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിപെട്ടിയുടെ ലഭ്യത, ശില്പശാല | ആഗസ്റ്റ് | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു.ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |
| 5. ഭിന്നസംഖ്യകൾ, ദശാംശ സംഖ്യകൾ, ന്യൂനസംഖ്യകൾ, അംശബന്ധം ഇവ ഉൾപ്പെടുന്ന ക്രിയകളിൽ പ്രാവീണ്യം നേടുക | ക്വിസ് നടത്തുന്നു | ഒക്ടോബർ - നവംബർ | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ സ്വലത കൈവരിക്കൽ | മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ഡിസംബർ - ജനവരി | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |
| 7. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | ഫെബ്രുവരി | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |
| 8. ഗണിത വിഷയത്തിന് കുട്ടികളുടെ സംഭാവനകൾ | കയ്യെഴുത്ത് മാസിക ഉണ്ടാക്കുന്നു | ഫെബ്രുവരി - മാർച്ച് | ക്ലബ്ബ് അധ്യാപകർ ഗണിതഅധ്യാപകർ | |

## മേഖല – അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br><br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br><br>ആഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി  എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു.<br>കഥ, കവിത പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യകാലം<br>ആഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>വിവിധ വിഷയങ്ങൾ നൽകുന്നു.<br>ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ - ജനുവരി |

# പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ,കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യകാലം<br>ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>ഡിസംബർ - ജനുവരി |

| മേഖല – ഹൈസ്കൂൾ - മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
| 1. ഭാഷാപരമായ പിന്നോ ക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം – അടിക്കുറിപ്പ്<br>9. ചിത്രം – കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ആഗസ്റ്റ്, സെപ്റ്റം ബർ | പുസ്തകങ്ങൾ, ചിത്രങ്ങള് | പി.ടി.എ, അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായന ക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീ കരണങ്ങൾ,ഇന്റർ നെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ,അ ധ്യാപകർ |
| | 10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | | | |
| 3. കുട്ടിയെ മികച്ച എഴുത്തുകാ രനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, | പി.ടി.എ,അ ധ്യാപകർ |

| | | | | |
|---|---|---|---|---|
| | 3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയ പ്പെടൽ<br>5. ചുമർ പത്രിക,പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാ ക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷാ പ്രോജക്റ്റ്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ – സാംസ്കാരിക ചിത്ര ഗാലറി | | ഫോട്ടോകൾ | |
| 4. സദസ്സിനെ അഭിമുഖീകരി ക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം (ജൂലൈ - ഡിസംബ ർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

# ACADEMIC MASTER PLAN

# ENGLISH CLASS 8-10

Aim: Develop the four skills – Listening, Speaking, Reading and Writing
Time: June – March

| **Aim** | **Activities** | **Aid** |
|---|---|---|
| June and July<br><br><br>To develop listening skills & reading skills | **<u>Listening skills</u>**<br>1. Games, Action songs, Hello English Activities, Listening comprehensions, etc.<br><br>**<u>Reading skills</u>**<br>1. News paper reading, library books reading, book review, reading breaking news, etc.<br>2. Find words.<br>3. Collect and read past tense.<br>4. Rhyming words.<br>5. Describing words. Etc<br>6. Textbook Activities. | |
| August and September<br><br><br>Develop the creative speaking and writing skills | **<u>Speaking skills</u>**<br>1. Identify the naming words from the picture.<br>2. Identify the action words from the same picture.<br>3. Make simple sentences using the action word and naming words about the picture.<br>4. Make simple description about the picture.<br>5. Elaborating sentences, picture reading, self introduction, etc..<br>Conducting English Assembly ....<br><br>**Activities:**<br>Speech, book review, quiz riddles, self introduction.<br><br>**<u>Writing skills</u>**<br>1. Make word web.<br>2. Picture description with describing words.<br>3. Word chain, sentence chain.<br>4. Make words & sentences.<br>5. Make riddles, conversations, etc...<br><br>Activities<br>Speech, book review, quiz riddles, self introduction, school radio, makes description, school magazines, etc .. | |

| Aim | Activities | Aid |
|---|---|---|
| October and November<br><br><br><br>To express thoughts, feelings, etc.. | **<u>Reading skills</u>**<br>1. News paper reading, library books reading, book review, reading.<br>2. Conversations, skits, stories, using ICT materials...<br>3. Read breaking news.<br>4. Develop story<br>5. Read notice.<br><br>**<u>Writing skills</u>**<br>1. Description.<br>2. Notice, Proclamation.<br>3. Thought of the Day, speech, quiz riddles. School radio, makes magazines, skits etc... | |
| December and January<br><br><br><br>1. Develop the creative, speaking and writing<br><br>2. To express thoughts, feelings etc. | **<u>Reading & Speaking skill</u>**<br>1. News paper reading, library books reading, book review, reading.<br>2. Conversations, skit, stories using ICT materials.<br>3. Read breaking news.<br>4. Develop story.<br>5. Diary reading<br>6. Read letters from friends.<br><br>**<u>Writing skills</u>**<br>1. Diary<br>2. Letter<br>3. Announcement<br><br>**<u>Activities:</u>**<br>Speech, quiz, riddles, school radio, makes magazines, skits, class room post office, etc ... | |
| February and March<br><br><br><br><br><br>To improve the presentation power | **<u>Reading skills</u>**<br>1. News paper reading, library books reading, book review reading.<br>2. Conversations, skit, stories using ICT materials.<br>3. Reads breaking news.<br>4. Develop story<br>5. Reads diary<br>6. Reads letters from friends.<br><br>**<u>Writing skills</u>**<br>1. Diary<br>2. letter<br>3. Announcement<br>4. Description<br>5. Notice, Proclamation<br>6. Thought of the day<br>**<u>Activities</u>**<br>Speech, quiz riddles, school radio, makes magazines, skits, class room post office, exhibition etc .. | |

| മേഖല – ഹൈസ്കൂൾ - സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
| 1. അത്ഭുത കണ്ണിലൂടെ - കൗതുകം, ജിഞ്ജാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക<br><br>2. ശാസ്ത്ര ലോകത്തേക്ക ് - നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br><br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു.<br><br>ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കുവാൻ അവസരം നൽകുന്നു.<br>ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br>1 തവണ<br>അക്കാദമിക വർഷം<br>1 തവണ | സയൻസ് അധ്യാപകര്<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ഹൈടെക് വേൾഡ് – മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക<br><br>4. ആയുർ രേഖ – പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.<br><br>5. ചാന്ദ്രദിനം<br><br>6. സ്കൂൾ മാഗസിൻ<br><br>7. സി.വി രാമൻ ദിനാചരണം<br><br>8. വൈജ്ഞാനിക ബഹിർസ്ഫുരണം – അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br><br>കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു<br><br>ക്വിസ്, സെമിനാർ<br><br>സ്കൂൾ മാഗസിൻ<br><br>ക്വിസ്, സെമിനാർ<br><br>തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും, പച്ചക്കറി തോട്ടവും നിർമ്മിക്കൽ.<br><br>പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്ത ൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>ജൂലൈ<br><br>ആഗസ്റ്റ് - സെപ്റ്റംബർ<br><br>ഫെബ്രുവരി<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ്<br><br>സയൻസ് ക്ലബ്ബ് | ലക്ഷ്യം |

| | | | | |
|---|---|---|---|---|
| 9. ക്യാൻസർ ദിനാചരണം | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br><br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്ന<br><br>ശാസ്ത്രകാരന്മാരുമായി സംവദിക്കൽ<br><br>സ്കിറ്റ്, സെമിനാർ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം 1 തവണ<br><br>ഫെബ്രുവരി | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | |

| മേഖല – ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക.<br><br>2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വള ർ ത്തുക.<br><br>3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേ യ്ക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്ന.<br><br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്ക ളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂള്ള കൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പു കൾ സംഘടിപ്പിക്കുന്ന.<br><br>സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തു ന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ തികളിൽ<br><br>അക്കാദമിക വർഷ ത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിന ങ്ങളിൽ<br><br>വർഷം മുഴുവനും<br><br>അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാ പകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാ പകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാ പകർ | സ്കൂൾ, കുട്ടികൾ<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

1.

| | | | | |
|---|---|---|---|---|
| 4. മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്ക ളെ പരിചയപ്പെടുക.<br><br>5. ഭൂപട വായന കുട്ടികളി ൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പഠി ക്കുക എന്ന ലക്ഷ്യം കൈ വരിക്കുക<br><br>6. കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാ ൻ ഉത കുന്ന പൊതുവിജ്ഞ ാനം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കു ന്നു.<br><br>സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു.<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന | വർഷം മുഴുവനും<br><br>അക്കാദമിക വർഷം മുഴുവനും<br><br>അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാ പകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാ പകർ | |

| | | | | |
|---|---|---|---|---|
| 2. 7. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വിഡിയോ പ്രദർശനം, പ്രൊജക്റ്റും etc സിനിമ (ചരിത്ര സിനിമ പ്രദർശനം)<br><br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | | | |

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെക്കുറിച്ചുള്ള അധ്യാപകരുടെ ധാരണ വർദ്ധിപ്പിക്കുക<br><br>2. സവിശേഷ കഴിവുള്ള കുട്ടിക ളുടെ സർഗ്ഗശേഷികൾ വികസി പ്പിച്ച് ദേശീയ തലത്തിലേയ്ക്ക് ഉയർത്തൽ<br><br>3. പ്രത്യേക പരിഗണന അർഹിക്കുന്ന പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ. | വിദ്യാർത്ഥികളുടെ ചുറ്റുപാടുകളെക്കുറി ച്ച് (സാമ്പത്തിക സാമൂഹിക ഭൗതീകം) വിശ്വസനീയമായ രീതിയിൽ വിവര ശേഖരണം നടത്തുന്നു<br><br>ഓരോ യൂണിറ്റിന്റെയും അവസാനത്തി ൽ മൂല്യനിർണയം നടത്തുന്നു. സിവിൽ സർവ്വീസ്, കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം എന്നീ പരിശീലന കോഴ്സകളിലൂടെ ഭാവിസാധ്യതകൾ പഠിതാക്കൾക്ക് തുറന്ന് കൊടുക്കുന്നു<br><br>നിരന്തര മൂല്യനിർണയം നടത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br><br>ഐക്യൂ ടെസ്റ്റ് നടത്തി കുട്ടികളുടെ ഭൗതിക നിലവാരം കണ്ടെത്തുന്നു. കുട്ടികളിൽ ആത്മവിശ്വാസവും ആത്മധൈര്യവും പകർന്ന് കൊടുക്കുന്നതിനുള്ള സമീപന രീതി | അക്കാദമിക വർ ഷത്തി ന്റെ ആദ്യഭാഗം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>ജൂൺ - ജൂലൈ | സഹ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് അധ്യാപകർ<br><br>പ്രധാന അധ്യാപിക, അധ്യാപകർ<br><br>വിഷയ അധ്യാപകർ<br><br>ക്ലാസ് അധ്യാപകരും റിസോഴ്സ് അധ്യാപകരും | പി.ടി.എ |

| | | | | |
|---|---|---|---|---|
| 4. കുട്ടികളിൽ എന്ത് സംഭവിക്കു ന്നു എന്ന് രക്ഷിതാക്കളെ ബോധവത്കരിക്കുന്നു. (സ്വഭാവ രൂപീകരണം, പഠന മേഖല)<br><br>5. കാലഘട്ടത്തിന്റെ സവി ശേഷതകൾ മനസ്സിലാക്കി ധാർമ്മികത മുൻ നിർത്തിയു ള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാ സം നൽ കുക. | നിലവിലുള്ള സാമൂഹിക ചുറ്റുപാടുകളെക്കുറിച്ചുള്ള അവ ബോധം രക്ഷിതാക്കൾക്ക് ക്ലാസ് നൽകുന്നു. (ചൈൽഡ് ലൈൻ)നവമാധ്യമങ്ങളുടെ തള്ളി കയറ്റം (ടി.വി, മൊ ബൈൽ, ഇന്റർനെറ്റ് ഗെയിമുകൾ, വാട്സ് അപ്പ്, ഫെ യ്സ്ബുക്ക്, ലഹരി ഉപയോഗം എന്നിവയുടെ ദൂഷ്യവശ ങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവത്കരിക്കുന്നു.<br><br>സന്മാർഗ്ഗ പാഠം (ആഴ്ച്ചയിൽ ഒരിക്കൽ) കാര്യക്ഷമമാക്കു ന്നു.<br><br>ആഴ്ച്ചയിൽ 2 ദിവസം ക്ലാസ് അടിസ്ഥാനമാക്കി കുട്ടികളു ടെ സ്കൂൾ അസംബ്ലി സംഘടിപ്പിക്കുന്ന<br><br>നവമാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തെ പറ്റിയുള്ള ബോധവത്ക്കരണം നല്ല ചിന്തകൾ വളർത്താനുള്ള പ്രവർത്തനങ്ങൾ<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ 2 പ്രാവശ്യം<br><br>ആഴ്ചയിൽ 2 പ്രാവശ്യം<br><br>അക്കാദമിക് വർഷം മുഴുവൻ | ഹെഡ് മിസ്ട്രസ്, ചൈൽഡ് ലൈൻ, എക്സൈസ്<br><br>ക്ലാസ് അധ്യാപകർ<br><br>പ്രധാന അധ്യാപിക, അധ്യാപകർ | ലക്ഷ്യം |
| 6. പ്രകൃതി സൗഹൃദ ക്യാമ്പസ് | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക. പൂന്തോട്ടം മെച്ചപ്പെടുത്തല്. | അക്കാദമിക് വർഷം | ഹരിതസേന,ഇക്കോ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 7. കുട്ടികളിൽ സമൂഹത്തോടുള്ള പ്രതിബദ്ധതയും സഹാനുഭൂതി യും വളർത്തിയെടുക്കൽ<br><br>8. മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | ഉള്ള സൗകര്യത്തിൽ ഔഷധതോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ സ്കൂൾ ക്യാമ്പസ് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നു.<br><br>**"ഒരുമനമോടെ........"**<br>ചാരിറ്റി ക്ലബ്ബിന്റെ പ്രവർത്തനം കുട്ടികളുടെ ആർഭാടത്തെ മിതപ്പെടുത്തി "കുടുക്കയിൽ ശേഖരിക്കുന്നു". ചികിത്സാ സഹായം, പഠനസഹായം, ഭവന നിർ മ്മാണം, വസ്ത്ര സമാഹരണം എന്നിവയിലൂടെ സമൂഹത്തിലെ അവശ വിഭാഗ ത്തോട് പക്ഷം ചേർന്ന് പ്രവർത്തിക്കു ന്നു.<br><br>സ്കൂൾ സിലബസ്സിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്ന തിന് അധിക പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അക്കാദമിക് വർഷത്തി ൽ ആവശ്യമായി വരുമ്പോൾ.<br><br>ഒരുവർഷം, സമയ ലഭ്യത അനുസരിച്ച് | ചാരിറ്റി ക്ലബ്ബ്<br><br>പ്രധാന അധ്യാപിക, അധ്യാപകർ | |

| മേഖല: IEDC | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. പ്രത്യേക പരിഗണന അർഹി ക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടി കളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു.<br><br>2. പ്രത്യേക പരിഗണന അർഹി ക്കുന്ന ജനവിഭാഗത്തോട് സഹാ നുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br><br>3. പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | കുട്ടികളുടെ ശാരീരിക മാനസീക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.<br><br>ക്ലാസ്സിലെ CWSN/IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു.<br><br>IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ക്ലാസ്സ് അധ്യാപകർ, ഹെഡ്മിസ്ട്രസ്സ്<br><br>ക്ലാസ്സ് അധ്യാപകർ, ഹെഡ്മിസ്ട്രസ്സ്<br><br>റിസോഴ്സ് അധ്യാപകർ | IEDC സ്കോളർഷിപ്പ് |

| മേഖല: കലാ - കായികം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. കുട്ടികളുടെ ഉള്ളിൽ അന്തർ ലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യു ന്നു.<br>2. സ്വയം തൊഴിൽ മേഖലയി ലേയ്ക്ക് കുട്ടികളെ പ്രോൽ സാഹി പ്പിക്കുന്നു.<br>3. ശാരീരിക മാനസീക ആരോ ഗ്യം പരിപോഷിപ്പിക്കൽ | ചിത്രകലയെക്കുറിച്ചുള്ള ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ, പെയിന്റിംങ്ങ്, ക്ലേ മോഡലിംഗ് എന്നിവയിൽ താല്പര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം. കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദ ർശനം.<br>ചോക്ക്, കുട എന്നിവയുടെ നിർമ്മാണം.<br>വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് സംസ്ഥാ നതലത്തിൽ മത്സരിപ്പിക്കുന്നതിന്.<br>വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് മത്സരി പ്പിക്കുന്നതിന് മികച്ച ഫുട്ബോൾ, ക്രിക്കറ്റ് ടീം രൂപീ കരണം.<br>റയൽ മാഡ്രിഡ് ഫുട്ബോൾ ഫൗണ്ടേഷന്റെ പരിശീല നം. | അക്കാദമിക വർഷം<br>ഏപ്രിൽ - മെയ്<br>ഒരു വർഷത്തിനുള്ളിൽ<br>3 വർഷത്തിനുള്ളിൽ<br>അക്കാദമിക വർഷം | കലാ അധ്യാപകർ<br>പ്രവൃത്തി പരിചയ, കലാ അധ്യാപകർ<br>കായിക അധ്യാപകർ<br>കായിക അധ്യാപകർ<br>കായിക അധ്യാപകർ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |

| പഠനോപകരണ നിർമ്മാണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. കുട്ടികൾക്ക് പഠന മേഖലകൾ ലഘൂകരിക്കുന്നതിന് വേണ്ടി പഠനത്തിൽ താല്പര്യം ജനിപ്പി ക്കുന്നതിന് വേണ്ടി | ഒറിഗാമി<br>ഗണിതത്തിൽ കുട്ടികൾ സ്വയം ഉണ്ടാക്കുന്ന മോഡലു കൾ.<br>ശാസ്ത്രത്തിൽ ലഘു പരീക്ഷണങ്ങൾ.<br><br>ഫയൽ നിർമ്മാണം, ബുക്ക് നിർമ്മാണം,റൈറ്റിംഗ് ബോർഡ് നിർമ്മാണം, വർക്കിംങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | അധ്യാപകർ<br><br>അധ്യാപകർ<br><br>അധ്യാപകർ | ക്ലബ്ബുകൾ<br><br>രക്ഷിതാക്കൾ |

| സ്കൂൾ ഗൈഡ്സ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. **"എന്തിനും തയ്യാർ"** എന്ന ഗൈഡ്സ് ആപ് തവാക്യം ജീവിത ശൈലിയാക്കുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നു. | ഗൈഡ്സ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സ്കൂൾ അച്ചടക്ക സംവിധാനം ഗൈഡ്സ് കുട്ടികളുടെ മേൽനോട്ടത്തിൽ നടത്തുന്നു.<br><br>കുട്ടികളിൽ സേവന മനോഭാവവും ഉത്തരവാദിത്വ ബോധവും പകർന്ന് നൽകുന്നതിന് റോഡ് സുരക്ഷാ മേഖലയിൽ ഉത്തരവാദിത്വപ്പെടുത്തുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ഗൈഡ്സ് അധ്യാപകർ<br><br>ഗൈഡ്സ് അധ്യാപകർ | |

# സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സദസ്സിനെ അഭിമുഖീകരിക്കു വാൻ ആത്മവിശ്വാസം വളർ ത്തൽ, ആത്മധൈര്യം നേടൽ. | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹു മാനം, സത്യസന്ധത, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി സംഘടിപ്പിക്കുന്നു.<br><br>ഇതിലൂടെ വേദിയെ അഭിമുഖീകരിക്കാനുള്ള ആത്മവി ശ്വാസം നേടുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപക ർ | |
| 2. സർഗ്ഗവേളകൾ സജീവമാക്കു ന്നതിന് സർഗ്ഗാത്മക കഴിവുക ളെ വികസിപ്പിച്ച് ഭയം കൂടാതെ അവതരിപ്പിക്കുന്നു. | അവതരണത്തിനുള്ള ആത്മധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു.<br><br>കുട്ടികൾ തന്നെ തയ്യാറാക്കുന്ന സർഗ്ഗവേളകൾ, വിവിധ കലാപ്രവർത്തനങ്ങൾ ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുന്നതിലൂടെ കുട്ടികളിലെ സർഗ്ഗാത്മകത വികസിപ്പിക്കുവാൻ പ്രാപ്തരാക്കുന്നു.<br><br>സഭാകമ്പം ഇല്ലാതെ സദസ്സിനെ അഭിമുഖീകരിക്കുന്ന തിലൂടെ സംസ്ഥാനതലംവരെയുള്ള കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നു. സർഗ്ഗാത്മക കഴിവുക ൾ വികസിപ്പിക്കുന്നതിലൂടെ കുട്ടികൾ സമൂഹത്തിൽ അറിയപ്പെടുന്ന നിലകളിൽ എത്തുന്നതിന് സഹായകരമാകുന്നു.<br>ഇത്തരം പ്രവർത്തനങ്ങളിലൂടെ ഓർഗ്ഗനൈസിങ്ങ്<br>പവർ നേടുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപക ർ | |

# ഉപസംഹാരം

മേരികുളം സെന്റ്.മേരീസ് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസ മാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധി ക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബ ന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാ ക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാ പനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.

****************